**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം**

(ഹാജർ : എ.സന്തോഷ്)

വിഷയം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - കണ്ണൂർ ജില്ല - മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2022 - പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക തയ്യാറാക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 18.01.2020 ലെ 10/2020/സം.തി.ക നമ്പർ വിജ്ഞാപനം

നമ്പർ.ബി3/53/2022/സം.തി.ക(2) തീയതി, തിരുവനന്തപുരം, 17.06.2022

**ഉത്തരവ്**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 77എ വകുപ്പ പ്രകാരം, 1950 ലെ ജനപ്രാതിനിധ്യ നിയമത്തിലെ (1950 ലെ 43-ാം കേന്ദ്ര ആക്ട്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരതപൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർപട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് അവരുടെ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം ഉൾക്കൊള്ളുന്ന മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ വാർഡിലെ സമ്മതിദായക പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 6ബി പ്രകാരം ഫാറം 4എ യിൽ അപേക്ഷ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമർപ്പിക്കുന്നതിന് അറിയിച്ചുകൊണ്ട് കമ്മീഷൻ പരാമർശം പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

മേൽവിവരിച്ച സാഹചര്യങ്ങളിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2022 ൽ നടത്തുന്ന എം57. മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ, പ്രവാസി ഭാരതീയർക്ക് അവരുടെ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം ഉൾക്കൊള്ളുന്ന മുനിസിപ്പാലിറ്റി വാർഡിൽ നേരിട്ട് വന്ന് വോട്ട് രേഖപ്പെടുത്തുന്ന ആവശ്യത്തിലേക്ക് പ്രവാസി ഭാരതീയരുടെ ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കാൻ മട്ടന്നൂർ നഗരസഭയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ്

പുറപ്പെടുവിക്കുന്നു. പ്രവാസി ഭാരതീയർ സമ്മതിദായക പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ചും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

**എ. സന്തോഷ്**

**സെക്രട്ടറി**

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, മട്ടന്നൂർ നഗരസഭ

ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ, കണ്ണൂർ

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ് :

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, നഗരകാര്യ വകുപ്പ്

ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), കണ്ണൂർ

സ്റ്റേറ്റ് ഇൻഫർമാറ്റിക് ഓഫീസർ, എൻ.ഐ.സി

സ്റ്റാൻഡിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

ബന്ധപ്പെട്ട നോഡൽ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കമ്പ്യൂട്ടർ പ്രോഗ്രാമർ

കമ്മീഷണറുടെ പി.എസ്/സെക്രട്ടറിയുടെ സി.എ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട് (ഇലക്ഷൻ)**

## അനുബന്ധം

## പ്രവാസി ഭാരതീയർക്കുള്ള മാർഗനിർദേശങ്ങൾ

1) പ്രവാസി ഭാരതീയരുടെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഓരോ പ്രവാസി ഭാരതീയനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്. 20.06.2022 മുതൽ 04.07.2022 വരെ ഈ സൗകര്യം വെബ്സൈറ്റിൽ ലഭ്യമാണ്.

2) ഫാറം 4എ യിലുള്ള പ്രസ്തുത അപേക്ഷയുടെ പ്രിന്റ് എടുത്ത് ഫോട്ടോയും ഒപ്പും പതിച്ച് മട്ടന്നൂർ നഗരസഭയിലെ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ട് നൽകുകയോ രജിസ്റ്റേർഡ് തപാൽമാർഗം അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

3) നേരിട്ടോ തപാൽ വഴിയോ അയക്കുന്ന ഫാറം 4എ യിലുള്ള ഓരോ അപേക്ഷയോടൊപ്പവും പ്രസ്തുത അപേക്ഷയിലെ (എ) മുതൽ (ഐ) വരെ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായ പാസ്പോർട്ടിലെ പ്രസക്തമായ പേജുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷ നേരിട്ട് സമർപ്പിക്കുന്ന പക്ഷം പാസ്പോർട്ടിന്റെ അസൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

4) 01.01.2022 നോ അതിനു മുമ്പോ 18 വയസ്സ് പൂർത്തിയായിരിക്കുകയും വിദേശ രാജ്യത്ത് താമസിക്കുകയും വിദേശ രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തവരുമായിരിക്കണം അപേക്ഷകർ.

5) ഓൺലൈനിലൂടെ അപേക്ഷ അയക്കുമ്പോൾ ഫോട്ടോ അപ് ലോഡ് ചെയ്തിട്ടില്ലായെങ്കിൽ, തപാൽ മുഖേന അയക്കുന്ന അപേക്ഷയുടെ പ്രിന്റിൽ നിർബന്ധമായും ഫോട്ടോ ഒട്ടിക്കേണ്ടതാണ്.

6) അപേക്ഷയോടൊപ്പം അപേക്ഷകന്റെ വിസ, ഫോട്ടോ എന്നിവ മുദ്രണം ചെയ്ത പാസ്പോർട്ടിന്റെ ബന്ധപ്പെട്ട പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ലഭ്യമാക്കണം.

7) ഫാറം 4എ യിലുള്ള അപേക്ഷ തയ്യാറാക്കുന്നതിനായി പ്രസ്തുത ഫാറങ്ങളോടൊപ്പം ചേർത്തിട്ടുള്ള നിർദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8) ഇപ്രകാരം വോട്ടർപട്ടികയിൽ പേര് ചേർക്കപ്പെടുന്ന പ്രവാസി ഭാരതീയർക്ക്, നേരിട്ട് ഹാജരായി അസൽ പാസ്പോർട്ട് ഹാജരാക്കുന്ന പക്ഷം വോട്ടു ചെയ്യാവുന്നതാണ്.

## ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്കുള്ള മാർഗനിർദേശങ്ങൾ

1) പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേക പട്ടികയായി തയ്യാറാക്കേണ്ടതാണ്.

2) തപാലിലൂടെയോ നേരിട്ടോ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് ലഭിക്കുന്ന മുറയ്ക്ക് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അപേക്ഷകരുടെ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മട്ടന്നൂർ നഗരസഭയിലെ വിലാസത്തിൽ നേരിട്ട് പോയി വിവരങ്ങൾ അന്വേഷിക്കേണ്ടതാണ്.

3) 2022 ജനുവരി 1 നോ അതിന് മുമ്പോ 18 വയസ്സ് പൂർത്തിയായതും വിദേശ രാജ്യത്ത് താമസിക്കുന്നതും വിദേശ രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തതുമായ ഭാരതപൗരനാണ് അപേക്ഷകനെന്ന് ഉറപ്പാക്കേണ്ടതാണ്.

4) നിലവിലുള്ള പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം മട്ടന്നൂർ നഗരസഭയിലുള്ളതാണെന്ന് ഉറപ്പാക്കേണ്ടതാണ്.

5) അപേക്ഷ തപാൽ മുഖേനയാണ് അയക്കുന്നതെങ്കിൽ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായ പാസ്പോർട്ടിലെ പ്രസക്തമായ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അപേക്ഷ നേരിട്ട് ഹാജരാക്കുന്നപക്ഷം പാസ്പോർട്ടിന്റെ അസൽ കൂടി പരിശോധിക്കണം.

6) അപേക്ഷയോടൊപ്പം അപേക്ഷകന്റെ വിസ, ഫോട്ടോ എന്നിവ മുദ്രണം ചെയ്ത, പാസ്പോർട്ടിന്റെ ബന്ധപ്പെട്ട പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.

7) നേരിട്ടോ തപാലിലൂടെയോ ലഭിക്കുന്ന അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോയും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

8) അപേക്ഷകൻ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം നിലവിൽ തയ്യാറാക്കിയിട്ടുള്ള വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

9) മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന മുഴുവൻ അപേക്ഷകളിന്മേലും നിശ്ചിത സമയത്തിന് മുമ്പ് അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

10) പ്രസ്തുത നടപടി വിവരങ്ങൾ ഓൺലൈൻ അപേക്ഷയിലും യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതും 18.07.2022 (തിങ്കൾ) തീയതിയിൽ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കേണ്ടതുമാണ്.